## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *583

28.07.2015 ലെ മറുപടിക്ക്

## കേന്ദ്രപദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എളമരം കരീം<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര പദ്ധതികൾ വഴിയുള്ള സഹായങ്ങൾ നേടിയെടുക്കുന്നതിൽ സംസ്ഥാനം എത്രത്തോളം വിജയിച്ചിട്ടുണ്ട് ; വിശദമാക്കുമോ; | എ) കേന്ദ്രപദ്ധതികളിൽ സഹായം ലഭിക്കുന്നതിൽ നാളിതുവരെ തടസ്സമൊന്നും ഉണ്ടായിട്ടില്ല. കേന്ദ്രാവിഷ്കൃതപദ്ധതികൾ പുന:ക്രമീകരിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ നിലപാട് മുഖ്യമന്ത്രിമാരുടെ ഉപസമിതിയുടെ പരിഗണനയിലാണ്. |
| ബി) പദ്ധതികളുടെ നിർവ്വഹണ രംഗത്തെ വീഴ്ചകൾ പരിശോധിക്കപ്പെട്ടിട്ടുണ്ടോ; | ബി) പരിശോധിക്കപ്പെട്ടിട്ടുണ്ട്. |
| സി) അനുവദിക്കപ്പെട്ട എത്രയെണ്ണം യഥാസമയം പൂർത്തിയാക്കുകയുണ്ടായിട്ടുണ്ട്; പദ്ധതികളിൽ നിന്നും ഉദ്ദേശിച്ച പ്രയോജനം ലഭിച്ചിട്ടുണ്ടോ; ഇക്കാര്യങ്ങൾ വിലയിരുത്തി വിശദമാക്കാമോ; | സി) ഓരോ വർഷവും അനുവദിച്ച കേന്ദ്രപദ്ധതികളിൽ 2011-12 മുതൽ 2014-15 വരെ അനുവദിക്കപ്പെട്ട 450 പദ്ധതികളിൽ 217 പദ്ധതികൾ യഥാസമയം പൂർത്തിയാക്കിയിട്ടുണ്ട്. മറ്റുള്ളവ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. എംജിഎൻആർഇജിഎസ് പദ്ധതിയിൽ സംസ്ഥാനം ചെലവാക്കിയ തുക ചുവടെ ചേർക്കുന്നു. |

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2012-13 | 1419 കോടി |
| 2013-14 | 1311 കോടി |
| 2014-15 | 1616 കോടി |

പിഎംജിഎസ് വൈ പദ്ധതി നിർവ്വഹണത്തിൽ 2014-15 വരെ 1430 റോഡുകൾക്കായി 3348 കി.മീ. അനുവദിച്ചതിൽ 2134 കി.മീ. പൂർത്തീകരിച്ച് 927 റോഡുകൾ നിർമ്മിച്ചു.
പദ്ധതികളിൽ നിന്നും ഉദ്ദേശിച്ച പ്രയോജനം ലഭിച്ചിട്ടുണ്ട്.

.....2

| | |
|---|---|
| ഡി) ലഭ്യമായ ഫണ്ട് യഥാസമയം ചെലവഴിക്കാതെ ലാപ്സായിപ്പോയിട്ടുള്ളത് സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ ; വിശദമാക്കാമോ ? | ഡി) ലഭ്യമായ ഫണ്ട് യഥാസമയം ചെലവഴിക്കാതെ ലാപ്സായിട്ടില്ല. 2011-12 സാമ്പത്തികവർഷം മുതൽ 2014-15 വരെ 4078 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. എന്നാൽ 6001 കോടി രൂപ (മുൻവർഷങ്ങളിലെ തുടർ കേന്ദ്രപദ്ധതികൾ ഉൾപ്പെടെ) ചെലവഴിച്ചിട്ടുണ്ട്. |

Bijumon

സെക്ഷൻ ഓഫീസർ